by the dumping of nightsoil in Kallur. The reports of the Municipality in this matter are already before the Government and they are under consideration. The only way in which this nuisance can be abated is to convert it into manure and thus avoid its evil effects.

Mr. K. Ayyappan:—What I want to know is whether by the adoption of this new method the people of Kaloor will have to suffer this difficulty further ?

Mr. P. V. Subramania Ayyar:—Only as much as the residents of the town.

മിസ്റ്റർ എ. നാരായണമേനോൻ:— ഉദ്യോഗസ്ഥഭാഗത്തുനിന്നും, എറണാകുളം മുനിസിപ്പൽ ചെയർമാന്റെ നിലയ്ക്ക് എറണാകുളം തെക്കെ നിയോജകമണ്ഡലം മെമ്പറിൽനിന്നും ഉണ്ടായ പ്രസംഗങ്ങൾ കേട്ടപ്പോൾ തീച്ചയായും ഇനി അധികകാലം കലൂർക്കാർക്കു സങ്കടം അനുഭവിയ്ക്കേണ്ടിവരുകയില്ലെന്നുള്ള സമാധാനത്തോടും ഗവർമ്മെൻറ് ഈ സംഗതിയിൽ വേണ്ടതുചെയ്യുമെന്നുള്ളവിശ്വാസത്തോടുംകൂടി ഞാൻ ഇരിക്കുന്നു പിൻവലിക്കുന്നു. അടുത്തുതന്നെ അതിന്റെ ഫലം ഉണ്ടായില്ലെങ്കിൽ തീച്ചയായും ഞാൻ വീണ്ടും ഒരു പ്രമേയം ഈ സഭയിൽ കൊണ്ടുവരുന്നതാണെന്നുംകൂടി ഈ അവസരത്തിൽ അറിയിച്ചുകൊള്ളുന്നു.

Resolution was, with leave, withdrawn.

6. Reduction of School fees.

Mr. P. Raman Menon:— *"Considering the general economic depression all round this Council recommends that the Government be pleased to sanction a 25% reduction in the school fees of all the students in the State for the current year."*

സർ, സ്കൂൾഫീസിൽ നാലിക്ക് ഇരുപത്തഞ്ചു ശതമാനം വീതമുള്ള ഒരു കിഴിവു വരുംകൊല്ലത്തിൽ ചെയ്തുകിട്ടിയാൽകൊള്ളാമെന്നാണ് ഈ പ്രമേയത്തിൽ അഭ്യർത്ഥിച്ചിരിക്കുന്നത്. സ്കൂൾവിദ്യാഭ്യാസം പലതരത്തിലും അധികച്ചിലവുള്ള ഒന്നായിത്തീർന്നിട്ടുണ്ടെന്നും അതിന്റെ ഫലമായി സിദ്ധിക്കുന്ന വിദ്യാഭ്യാസംകൊണ്ടുള്ള ഫലവും ഗുണവും ചിലവിന്റെ ഇൻവേർസ് റേഷ്യോ പ്രകാരം വളരെ കുറഞ്ഞു കുറഞ്ഞാണ വരുന്നതെന്നും ഇതിനുമുമ്പ് ഇവിടെ ഉണ്ടായിട്ടുള്ള വാദപ്രതിവാദങ്ങളിൽനിന്നും സ്പഷ്ടമായിട്ടുണ്ട്. സാമ്പത്തികാധഃപതനം ഇപ്പോഴും ഉണ്ടെന്നും, അതിൽപെട്ടാണ് ആളുകൾ വലയുന്നതെന്നും ആർക്കും അറിയാം. ഇതിനുമുമ്പും ഇവിടെ പ്രസ്താവിച്ചിട്ടുള്ളതു് ഒരു വീട്ടിലെ പ്രധാനചിലവു് സ്കൂൾഫീസാണെന്നാണ്. അതുകൊണ്ടു ബാക്കിയുള്ള കായ്ങ്ങളോടൊപ്പം ഈ സംഗ

LIBRARY ARCHIVES Kerala Legislative Assembly

തിയും ഭയവായി ഗവൺമെൻറിൽനിന്ന് ആലോചിച്ചു ചെയ്യണമെന്നുപേക്ഷിയ്ക്കുന്നു. വേറെ ഒരു പ്രമേയത്തിലൂടെ 25% കുറയ്ക്കണമെന്നാവശ്യപ്പെട്ടിട്ടുള്ളതായി കാണുന്നുണ്ട്. അതു ഞാൻ സ്വീകരിയ്ക്കുന്നു.

Mr. K. Ayyappan :— You mean including College fees ?

മിസ്റ്റർ പി. രാമൻമേനോൻ:— വിദ്യാഭ്യാസസംബന്ധമായ ചിലവു് എന്നാണെൻറെ പ്രമേയം. അതിൽകോളേജും തീച്ചയായും ഉൾപ്പെട്ടും.

മിസ്റ്റർ പി. കുമാരൻനെഴത്തശ്ശൻ:— സർ, ഈ പ്രമേയത്തിന്നു് ഗവൺമെൻറു ഭാഗത്തുനിന്നും മറുപടി പറയുമ്പോൾ ഒരു സംഗതി ഓർമ്മവക്കണം എന്നൊരപേക്ഷയുണ്ടു്. വേദന അനുഭവിക്കുന്ന ആൾക്കു മാത്രമേ ആ സങ്കടത്തിൻറെ ആഴം അറിയുവാൻ സാധിക്കുകയുള്ളൂ. ഗവൺമെൻറു ഉദ്യോഗസ്ഥന്മാർ ഇതിനെല്ലാം മറുപടി പറയുമെന്നു് എനിക്കറിയാം. അവർ കുറച്ചുനേരം മനസ്സുകൊണ്ടു് ഒന്നാലോചിച്ചാൽ മതി. അവരുടെ ശമ്പളം വളരെ കുറച്ചാൽ തീച്ചയായിട്ടു അവരെന്തു വിചാരിക്കും എന്നുള്ളതു് മനസ്സുകൊണ്ടാലോചിച്ചിട്ടു് ഇന്നു ഒരു മറുപടി പറഞ്ഞാൽ കൊള്ളാം. ജനപ്രതിനിധികളായ ഞങ്ങൾക്കു് ഓരോരുത്തർക്കും ഉള്ള വരവു് താണുപോയിട്ടുണ്ടെന്നു ഞങ്ങൾക്കും നിങ്ങൾക്കുമറിയാം. അങ്ങിനെ താണുപോകാത്ത അങ്ങേപ്പുറത്തിരിക്കുന്നവരുടെ കാര്യം സാധുക്കളുടെ രക്ഷയെ ഗണിക്കണമെന്നും രക്ഷിക്കാമെന്നു പലകായ്ക്കളിലും പറയുന്ന ഗവൺമെൻറു് ഈ കായ്യത്തിലും നിഷ്കർഷവുചെയ്യണമെന്നും അപേക്ഷിക്കുന്നു.

മിസ്റ്റർ ഇ. പി. ഭാസ്കരമേനോൻ:— എനിയ്ക്കു് ഇതിനെസംബന്ധിച്ചു കേമമായിട്ടൊന്നും പ്രസംഗിയ്ക്കുവാനില്ല. രണ്ടുവാക്കുമാത്രം ഗവൺമെൻറുമെമ്പർമാരോടു പറയുവാനുണ്ടു്. ഗവൺമെൻറിൻറെ എതിരാണു് ഇവിടെ പാസാക്കുന്ന റസല്യൂഷൻ എന്നു വിചാരിച്ചു് എല്ലാത്തിലും അവർ എതിരില്ല വോട്ടുചെയ്യണമെന്നില്ല കൊച്ചീരാജ്യത്തിലെ ഭരണത്തിനാവശ്യമുള്ളതും പ്രജകൾക്കാവശ്യമുള്ളതും ആയ കായ്യങ്ങൾ പ്രമേയരൂപത്തിൽ കൊണ്ടുവരുമ്പോൾ അവരും കൊച്ചീരാജ്യത്തിലെ പ്രജകളാണെന്നുള്ള ധാരണയോടുകൂടി ഈ സഭയിൽ ഞങ്ങളോടൊപ്പം വോട്ടുചെയ്യണമെന്നപേക്ഷിയ്ക്കുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ:— ഇപ്പോൾ തിരുവിതാംകൂറിൽ നടപ്പിലിരിയ്ക്കുന്ന രക്ഷയെങ്കിലും ഇവിടെ കൊണ്ടുവരേണ്ടതാണെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

Mr. K. M Ibrahim:— Was not a resolution or motion of this kind passed by this very House here ?

LIBRARY ARCHIVES Kerala Legislative Assembly

Mr. I. N. Menon:—I think so.

Mr. K. M. Ibrahim:— May I know what action was taken ?

Rama Varmha Tampuran:— The proposal was rejected.

Mr. K. M. Ibrahim:— May I know on what ground ?

Rama Varmha Tampuran:— Because there was only a small surplus and the finances of the State would not permit this being done.

മിസ്റ്റർ കെ. എം. ഇബ്രാഹിം:—സർ, അടുത്ത രാജ്യമായ തിരുവിതാംകൂറിൽപോലും ഫീസിളവു വരുത്തിയിരിക്കെ, ഏതാണ്ട് സാമ്പത്തികമായിട്ടു നോക്കുകയാണെങ്കിൽ അവരേക്കാൾ വിഷമിച്ചിരിക്കുന്ന നമുക്കു ഫീസു കുറക്കണമെന്നുള്ള വാദം വലിയൊരു വാദമല്ല. അതു കണ്ടു പ്രത്യക്ഷമായ ഒരു സംഗതിക്ക് ഇതിനു മുമ്പിലത്തെ നിയമസഭയിൽ ഒരു നിശ്ചയം പാസാക്കീട്ടുപോലും ഗവൺമെൻറ് ഈ വിഷയത്തിൽ കാര്യമായിട്ടു യാതൊന്നും ചിന്തിച്ചിട്ടില്ലെന്നാണ വിചാരിക്കേണ്ടതു്. അതിനെ സംബന്ധിച്ച എന്താണ നടപടി നടത്തിയതെന്നുകൂടി അറിയുവാൻ പാടില്ലാത്ത തരത്തിൽ അതു കണ്ടു ത്യാജ്യകോടിയിൽ തള്ളീട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

ഇതു് പ്രത്യേകിച്ചും ബഹുമാനപ്പെട്ട അനദ്ധ്യോഗസ്ഥസാമാജികന്മാർ മനസ്സിലാക്കേണ്ട ഒരു സംഗതിയാണ്. ഇതു വളരെ അപൂർണ്ണമായ നിലയിലും അവ്യക്തമായ നിലയിലും പണമില്ല എന്നുള്ള വായടപ്പൻ സമാധാനം പറഞ്ഞുതള്ളുന്നതു കാണുമ്പോൾ നിങ്ങൾ ശക്തിയായി ഈ വിഷയത്തിൽ വോട്ടുചെയ്തു പാസാക്കണമെന്നു് എനിക്കപേക്ഷയുണ്ട്. ഇതുകൊണ്ടുള്ള വിഷമം പൊതുവെ നാട്ടിലുണ്ടെന്നു മനസ്സിലാക്കത്തക്കവിധം നിങ്ങളെല്ലാവരും ഈ പ്രമേയത്തെ അനുകൂലിച്ചു സംസാരിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

Mr. I. N. Menon:— Mr. President, Sir, I really do not know whether it would serve any purpose by repeating my arguments of last year. The result is identical and necessarily so. Hon'ble Member would kindly bear with me if I have to repeat what I have to say with slight modifications. Hon'ble Members seem to think that a couple of lakhs of rupees if reduced out of the revenues of the Government will not in any way affect the other services of the utility departments. The reduction would approximately amount to about a little over Rs. 80,000 in respect of sirkar schools together with a 50 per cent increase in the amounts of grants to be paid to the aided schools. It no doubt looks more from the point of

LIBRARY ARCHIVES Kerala Legislative Assembly

view of individual, but the net loss in revenue will be, I am afraid well over Rs. 2 lakhs. The question therefore, Sir, before the House is whether in asking for a series of remissions, there should not at the same time be some proposal to increase the revenues of the State and in the absence of any such constructive proposal offered for the further resources of revenue it is obviously impossible to accept the cut which amounts to nearly Rs. 2. lakhs.

Mr. K. Ayyappan:— How did the Travancore Government manage to effect the cut ?

Mr. I. N. Menon:— For one thing they must have enormous resources. Their revenues are over Rs. 2½ crores. These are the obvious factors which stand in the way of this resolution. It cannot be done by sheer magic. In the second place, this is just one item in a series of other items for economic relief which the members had asked for from the Government. It has already been pointed out by the Hon'ble Member for Revenue and the Hon'ble the Secretary to Government that a series of relief measures have already been adopted or are going to be adopted in the near future. I quite appreciate that the Hon'ble Members want one more measure of relief but the question for the Government is whether it is possible to accept all these recommendations at the same time and whether the Hon'ble Members should in default of one press for the other rather than press for all. Mr. President, it is a matter of simple arithmetic. If this resolution is carried and if it is brought into effect the resources of the Education Department would be paralysed. No doubt I have heard an argument from some of the Hon'ble Members on the other side that all this education is a waste. If the Hon'ble Members feel so why should they spend so much amount on fees. Apart from all these arguments though education is worth having yet they find some difficulty in meeting this demand. I have already placed before this House that it is not fair to the country and fair to all and to the Government to ask for a series of remissions. It is for them to realise what is most important and press for what is urgent. I do not wish to hold the House with a long speech and all that I wish to impress upon the Hon'ble Members is that it is a problem of simple arithmetic which does not require any expert member to explain. The Hon'ble Members can see that the budget, big as it looks enormous in its figures, is hardly sufficient in itself to meet the bare demands of the Department and if we are going to effect an enormous cut of Rs. 2 lakhs, the entire springs of efficiency will be paralysed and as such it is unnecessary that I should make any further appeal to the Hon'ble Members. It looks as though on matters like this my reasonableness begins where their ends. I can only request this Hon'bel House to bear

LIBRARY ARCHIVES Kerala Legislative Assembly

with the Government the occasional difficulties which have been brought on by the economic depression and for which Government are trying to adopt very sincere methods to help to tide over the difficulties which the Government are also sharing equally. Mr. President, I have nothing more to say. This is an old question and the old answer must suffice.

മിസ്റ്റർ പി. രാമൻമേനോൻ:— ബഹുമാനപ്പെട്ട വിദ്യാഭ്യാസ മേലദ്ധ്യക്ഷന്റെ സമാധാനം പതിവുപോലെ തന്നെ ഒട്ടും തൃപ്തികരമല്ലെന്ന് ആദ്യമേ പറഞ്ഞുകൊള്ളുന്നു. ഒന്നാമതായി അദ്ദേഹം പറയുന്നതു് ഞങ്ങളോടു് കഴിഞ്ഞതവണയും ഇങ്ങിനെ ഒരു സഹായംചെയ്യുവാൻ തരണമെന്നു് നിങ്ങൾ ആവശ്യപ്പെട്ടിട്ടില്ലേ; ഞങ്ങൾ അതൊട്ടും വകവെച്ചില്ലല്ലോ; എന്നിട്ടു പിന്നെയും നിങ്ങൾ ലജ്ജയില്ലാതെ എന്തിനു ചോദിയ്ക്കുന്നുവെന്നാണു്. വാസ്തവം പറകയാണെങ്കിൽ കേവലം നാടോടിഭാഷയിൽ, "തരാത്ത നായരോടു് വിടാതെ ഇരക്കണം" എന്നാണു ഞാൻ അതിനു സമാധാനം പറയുന്നതു്. (ചിരി)

രണ്ടാമതു പറഞ്ഞതു് ഫീസ്സിളവുചെയ്യാൽ സർക്കാരിനു രണ്ടുലക്ഷം ഉറുപ്പിക നഷ്ടമാകുമെന്നും ജനങ്ങൾക്കു കിട്ടുന്നതു് ചില്ലറയായിട്ടാണെന്നുമാണു്. ഈ രണ്ടുലക്ഷം ഉറുപ്പികയും ആരെങ്കിലും ഗവർമ്മെണ്ടിലേക്കു കൊണ്ടുവന്നു തരുന്നതാണോ? ഈ രാജ്യത്തെ 12 ലക്ഷം ജനങ്ങളുംകൂടി കുറേശ്ശകുറേശ്ശയായി തന്നതുകൊണ്ടല്ലേ ഈ രണ്ടു ലക്ഷമുണ്ടായതു്. അതു് അതുപോലെതന്നെ അവർക്കു പങ്കുവച്ചു കൊടുത്തേക്കണം. അവരോടു വാങ്ങുന്ന സംഖ്യ അവർക്കുതന്നെ തിരിച്ചുകൊടുക്കുക.

ആറും ഏഴും കുട്ടികൾക്കു സ്കൂൾഫീസു കൊടുക്കേണ്ടിവരുന്ന ബുദ്ധിമുട്ടു് എത്രയുണ്ടെന്നു് 500-ം, 800-ം ശമ്പളമില്ലാത്ത ഞങ്ങൾക്കല്ലാതെ വകുപ്പദ്ധ്യക്ഷന്മാർക്കു് അറിഞ്ഞുകൂടാ. അതവരുടെ കുറ്റവുമല്ല. വലിയ ശമ്പളക്കാർക്കു കുട്ടികൾതന്നെ സാധാരണ കുറവായിട്ടേ ഉള്ളൂ. (ചിരി) ആറും ഏഴും കുട്ടികൾക്കുഫീസു കൊടുക്കേണ്ടി വരുമ്പോൾ മാസശമ്പളമില്ലാത്ത സാധാരണന്മാർ എങ്ങിനെ കുടുംബച്ചിലവു കഴിച്ചുകൂട്ടും! കുടുംബച്ചിലവിലെ ഒരു വലിയ ഭാഗം സ്കൂൾപഠിപ്പിനാണെന്നു് ഇവിടെ പലരും പ്രസ്താവിക്കയും ചെയ്തു.

പിന്നീടു പറഞ്ഞതു് ഇന്നത്തെ വിദ്യാഭ്യാസം അത്ര ആവശ്യമില്ലാത്തതാണെങ്കിൽ എന്തിനു നിങ്ങൾ നിങ്ങളുടെ കുട്ടികളെ സ്കൂളിലേക്കയക്കുന്നു; സ്കൂളിലേക്കു കുട്ടികളെത്തന്നെ അയക്കാതെ ഞങ്ങളെ തോല്പിക്കാൻ നിങ്ങൾക്കു സാധിക്കുമല്ലോ എന്നാണു്. ഈ പിള്ളരെക്കൊണ്ടു് എന്താണു ചെയ്യേണ്ടതെന്നു് ഞങ്ങൾക്കു് ഒരു വിവരവുമില്ലാഞ്ഞുകൊണ്ടാണു് യഥാർത്ഥം പറയുകയാണെങ്കിൽ, എന്തെങ്കിലുമാകട്ടെ എന്നുവച്ചു് കുട്ടികളെ

LIBRARY ARCHIVES Kerala Legislative Assembly

ഞങ്ങൾ സ്കൂളിലേക്കു പറഞ്ഞയക്കുന്നതു് അമ്മ അടുക്കളയിലും, അച്ഛൻ കച്ചേരിയിലും ആയാൽ കുട്ടികളെ നോക്കാനാളില്ലാത്തതുകൊണ്ടു അവർ സ്കൂളിൽ പോയിരിക്കട്ടെ എന്നുദ്ദേശ്ശാണു മിക്കപ്പോഴും ചെറു കുട്ടികളെ സ്കൂളിലേക്കയക്കുന്നതു്. നല്ല സ്കൂളില്ലാത്തതുകൊണ്ടു ഉള്ള സ്കൂളിലേക്കയക്കുകയല്ലാതെ ഞങ്ങൾ എന്തുചെയ്യു. ഇന്നത്തെ വിദ്യാഭ്യാസരീതി ഉപയോഗശൂന്യമാണെന്നുള്ള സംഗതിയിലായിരിച്ചിട്ടുള്ള ഗവർമ്മെണ്ടു് അതിനെ വേണ്ട വിധത്തിലാക്കുവാൻ മുമ്പാലപ്പെട്ടിട്ടുള്ള സംഗതി വിസ്മരിച്ചു് നിങ്ങളെന്തിനു കുട്ടികളെ ഞങ്ങടെ സ്കൂളിലേക്കയക്കുന്നുവെന്നു ലജ്ജിച്ചു ചോദിക്കുന്നതു് അക്രമവും അനീതിയുമാകുന്നു.

സർ, എറണാകുളത്തിന്നും കൊച്ചിക്കും മദ്ധ്യേ സർക്കാരിൽനിന്നും ഒരു കടത്തു എർപ്പെടുത്തി ബോട്ടിട്ടിട്ടുണ്ടു്, ആ ബോട്ടു് പൊളിഞ്ഞതും പഴയതുമാണു്, അതിൽ കയറുന്നതു അപകരമാണു്, അക്കാര്യത്തിൽ ഗവർമ്മെണ്ടു പ്രത്യേകം ശ്രദ്ധിക്കണം എന്നു ഞങ്ങൾ പറയുമ്പോൾ സർക്കാരധികാരികൾ പറയുന്നു, "അതു പേടിയുണ്ടെങ്കിൽ നിങ്ങൾ എന്തിനു ആ ബോട്ടിൽ കയറുന്നു" എന്നു്. ബോട്ടിൽ കയറുന്നതു കൊണ്ടു മെച്ചത്താൽതന്നെ; വേറെ മാർഗ്ഗമില്ലാത്തതുകൊണ്ടു്. സ്കൂളിലേക്കെന്തിനു കുട്ടികളെ അയക്കുന്നു എന്നു ചോദിക്കുവാൻ ധൈര്യപ്പെട്ട വിദ്യാഭ്യാസമേലദ്ധ്യക്ഷന്റെ മനോധൈര്യം വിസ്മയാവഹം തന്നെ.

ഞങ്ങൾ ഇങ്ങിനെയുള്ള സങ്കടങ്ങൾ എപ്പോഴും ഗവർമ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടുവരും. "ഞങ്ങൾക്കു ശ്രദ്ധിപ്പാൻ മനസ്സില്ലെ"ന്നു നിങ്ങൾ പറഞ്ഞാലും വീണ്ടും വീണ്ടും കൊണ്ടുവരും. നിങ്ങളുടെ വെറും പിടിത്തവും ഞങ്ങളുടെ മുറവിളിയും കൂടെ നടക്കട്ടെ. ന്യായം നിങ്ങളുടെ ഭാഗത്തില്ല. ഇന്നുവരെയില്ല. ഈ പ്രമേയത്തെ ഞാൻ വോട്ടിനിടണമെന്നു് അപേക്ഷിക്കുന്നു.

Resolution was put and carried.

7. Reduction of Deputy President's Allowance.

Mr P. Raman Menon:— *"This Council recommends to the Government that the allowance now given to the Deputy President of the Cochin Legislative Council be reduced to one thousand rupees per year."*

സർ, വളരെ ഭയാശങ്കകളോടുകൂടിയാണു് ഡെപ്യൂട്ടി പ്രസിഡണ്ടിന്റെ ശമ്പളം കുറക്കണമെന്നുള്ള ഈപ്രമേയം ഇവിടെ അവതരിപ്പിക്കുന്നതു്. എന്നാൽ ഈ പ്രമേയത്തെക്കുറിച്ചു പലവിധ തെറ്റിദ്ധാരണകളും പരന്നിട്ടുള്ളതിനാൽ ഇനി ഇതു അങ്ങനെവച്ചു് അവതരിപ്പിക്കാതെ കൂടാനും പോകാനും നിവൃത്തിയില്ല. ഈ ചിലക്കു തോന്നുന്നതുപോലെ

LIBRARY ARCHIVES Kerala Legislative Assembly